(ബി) ഈ പട്ടയമേളകളിലൂടെ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിലായി 25 പട്ടയമേളകൾ നടത്തിയിട്ടുണ്ട്.

(ബി) ഈ പട്ടയമേളകളിലൂടെ 16941 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

മണൽ വാരുന്നതിനുള്ള നിബന്ധനകളും പുഴയോര സംരക്ഷണവും

96 [2160] ശ്രീ. എ. സി. ഷൺമുഖദാസ്:
„ സി. കെ. നാണു:
„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും പുഴകളിൽ നിന്നും മണൽ വാരുന്നതിന് സർക്കാർ എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷം മണൽ വാരുന്നതിനുള്ള ലൈസൻസ് ഫീസിനത്തിൽ സർക്കാരിന് എത്ര വരുമാനം ഉണ്ടായെന്ന് വെളിപ്പെടുത്താമോ;

(സി) പുഴയോരവും നദീതീരവും ഇടിയുന്നത് തടയാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) പുഴയോരവും നദീതീരവും സംരക്ഷിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഓരോ ജില്ലയിലും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിൽ 12-ാം വകുപ്പ് അനുസരിച്ചുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ മണൽ വാരൽ അനുവദിക്കുന്നുള്ളൂ. നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. മണൽവാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അവർക്ക് ജിയോളജി വകുപ്പിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ വിദഗ്ധ സമിതിയുടെ ശുപാർശയിന്മേൽ വിതരണം ചെയ്യേണ്ടതായ പാസുകൾ റോയൽറ്റി നൽകുന്നതിന് ബാധകമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് റോയൽറ്റി നൽകി ഒരു മാസക്കാലയളവിന് മുൻകൂറായി നേടേണ്ടതാണ്.

2. ഒരു കടവിൽ രാവിലെ 6 മണിക്കു മുമ്പും വൈകുന്നേരം 3 മണിക്കു ശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

3. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ മണൽവാരൽ പ്രവർത്തനം നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ, ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഏർപ്പെടുത്തേണ്ടതാണ്.

4. നദിയുടെ അടിത്തട്ടിൽ നിന്ന് മാത്രം മണൽ വാരാൻ അനുവദിക്കേണ്ടതും നദീതീരത്തിന്റെ 10 മീറ്ററിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതുമാണ്.

5. ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

6. മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തുനിന്നും ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതും മണൽ കയറ്റുന്നതിന് വേണ്ടി യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരാൻ പാടില്ലാത്തതുമാണ്.

7. ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.

8. മണൽ വാരൽ പ്രവർത്തനത്തിന് കൊല്ലി വലയോ പോൾക്കുപ്പിംഗോ ഏതെങ്കിലും യന്ത്രവൽകൃത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

9. ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ള ഇടത്ത് മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

10. സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമുഖേന മണൽവാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തോ മണൽവാരൽ നടത്താൻ പാടില്ലാത്തതാണ്.

(ബി) 7,88,55,518 രൂപ.

(സി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമവും 2002-ലെ കേരളാ നദീതീര സംരക്ഷണവും മണൽവാരൽ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണവും ചട്ടത്തിൽ ചട്ടം 18 അനുസരിച്ച് നദീതീരത്തിന്റെയോ ഏതെങ്കിലും വൃഷ്ടി പ്രദേശത്തിന്റേയോ സമഗ്ര വികസനത്തിനും നദീതീരം സംരക്ഷിക്കുന്നതിനും നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി ആന്റ് ഇ) ഇല്ല. ഈ സാമ്പത്തിക വർഷം ഓരോ ജില്ലയിലും അനുവദിച്ച തുക താഴെ പറയുന്നു.

തിരുവനന്തപുരം	1,61,12,000
കൊല്ലം	32,18,000
ആലപ്പുഴ	7,83,000
കോട്ടയം	18,89,780
ഇടുക്കി	41,70,000
പാലക്കാട്	65,48,744
തൃശ്ശൂർ	4,14,74,000
എറണാകുളം	2,93,20,000
കാസർഗോഡ്	5,00,000
കോഴിക്കോട്	5,93,12,000
കണ്ണൂർ	48,50,000
പത്തനംതിട്ട	66,28,000
വയനാട്	60,00,000

ഇടുക്കി ജില്ലയിൽ നൽകിയ പട്ടയങ്ങൾ

97 [2162] ശ്രീ. പി. ടി. തോമസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. സുധാകരൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ ഇടുക്കി ജില്ലയിൽ എത്ര പേർക്ക് പട്ടയം ലഭിക്കുവാനർഹതയുണ്ടായിരുന്നു;

(ബി) അതിൽ ഇതുവരെ എത്ര പേർക്ക് പട്ടയം നൽകി;

LIBRARY ARCHIVES Kerala Legislative Assembly